**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 773** **10-02-2025 - ൽ മറുപടിയ്ക്ക്**

**കദളീവനം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.കെ. രാമചന്ദ്രൻ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതിയിൽ ഉൾപ്പെടുത്തി കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴി ഉല്പാദിപ്പിക്കുന്ന കദളിപ്പഴം ഗുരുവായൂർ ക്ഷേത്രത്തിൽ വിതരണം ചെയ്യുന്നത് നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോവിഡിനെ തുടർന്ന് നിർത്തിവച്ച പ്രസ്തുത പദ്ധതി പുനരാരംഭിച്ച് കുടുംബശ്രീ അയൽക്കൂട്ടങ്ങൾ വഴിയുള്ള കദളിപ്പഴ വിതരണം തുടരുന്നതിന് അനുമതി നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ; | (ബി) | പുതുക്കാട് മണ്ഡലത്തിലെ കദളീവനം പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിന് ബഹു. പുതുക്കാട് എം.എൽ.എ. ശ്രീ. കെ.കെ. രാമചന്ദ്രൻ, ബഹു. ദേവസ്വം വകുപ്പ് മന്ത്രിക്ക് നൽകിയ കത്ത് പരിശോധിച്ച ഗുരുവായൂർ ദേവസ്വം ഭരണ സമിതിയുടെ 19.12.2024 തിയതിയിലെ യോഗ തീരുമാനം 13 ആയി ബന്ധപ്പെട്ട് കുടുംബശ്രീ നടത്തിപ്പുകാരുമായി ഇക്കാര്യം സംസാരിക്കുന്നതിന് ഗുരുവായൂർ ദേവസ്വം ചെയർമാൻ, അഡ്മിനിസ്ട്രേറ്റർ എന്നിവരെ ചുമതലപ്പെടുത്തുകയും ഇക്കാര്യത്തിൽ ഗുരുവായൂർ ദേവസ്വം ചെയർമാൻ/അഡ്മിനിസ്ട്രേറ്റർ എന്നിവരെ ബന്ധപ്പെടുവാൻ കുടുംബശ്രീ, തൃശ്ശൂർ ജില്ലാമിഷൻ കോ ഓർഡിനേറ്റർക്ക് 30.12.2024 തിയതിയിൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. |
| (സി) | മുൻപ് റവന്യൂ(ദേവസ്വം) വകുപ്പിന്റെ അനുമതി ലഭിച്ച പ്രസ്തുത പദ്ധതിക്ക് തുടർന്നും അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കദളീവനം പദ്ധതി പുന: സ്ഥാപിക്കുന്നതിനുള്ള അപേക്ഷ സർക്കാരിൽ ലഭ്യമാകുകയും Price preference- മായി ബന്ധപ്പെട്ട വിഷയം പരിശോധിക്കേണ്ടത് തദ്ദേശ സ്വയം ഭരണ വകുപ്പായതിനാൽ ലഭ്യമായ പ്രസ്തുത അപേക്ഷയിന്മേൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി തദ്ദേശ സ്വയം ഭരണ വകുപ്പിന് കൈമാറി നല്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ